# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2472 01.04.2013 - ൽ മറുപടിക്ക്

## സ്വകാര്യ വ്യക്തികൾ അനധികൃതമായി കുടിവെള്ളം ശേഖരിക്കുന്നതിനെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വാട്ടർ അതോറിറ്റിയുടെ ജലവിതരണ പൈപ്പുകളിൽ നിന്ന് സ്വകാര്യ വ്യക്തികൾ അനധികൃതമായി കുടിവെള്ളം ശേഖരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള 1142 കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) രാത്രികാലങ്ങളിൽ പൊതുടാപ്പുകളിൽ നിന്ന് ഹോസ് ഉപയോഗിച്ച് സ്വകാര്യ വ്യക്തികൾ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ജലം ശേഖരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) ഉണ്ട്. രാത്രികാലങ്ങളിൽ പൊതു ടാപ്പുകളിൽ നിന്നും ഹോസുപയോഗിച്ച് കെട്ടിട നിർമ്മാണത്തിനായി ജലം സംഭരിക്കുന്ന പ്രവർത്തനങ്ങളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. |
| (സി) എങ്കിൽ ആയതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (സി) കുടിവെള്ളം അനധികൃതമായി ശേഖരിക്കുന്നതിന് ഉപയോഗിക്കുന്ന ഹോസുകൾ കണ്ടുകെട്ടുകയും, ഇപ്രകാരം ചെയ്യുന്നവർക്ക് ജലത്തിന്റെ വിലയും അനധികൃതമായി ഉപയോഗിച്ചതിനുള്ള പിഴയും, ഉൾപ്പെടുത്തി നോട്ടീസ് നൽകുകയും തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ദുരുപയോഗം നടക്കുന്ന പൊതു ടാപ്പുകൾ തദ്ദേശസ്വയം ഭരണ അധികാരികളുടെ അറിവോടെ വിച്ഛേദിക്കുകയും ചെയ്യാറുണ്ട്. |
| (ഡി) ജലത്തിന്റെ ദുരുപയോഗം തടയാൻ ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) നിലവിൽ തന്നെ ദുരുപയോഗം തടയുവാൻ ഫലപ്രദമായ നടപടികൾ അതോറിറ്റി സ്വീകരിച്ചു വരുന്നു. ആയത് കൂടുതൽ ശക്തമാക്കുവാനുള്ള നടപടികൾ അതോറിറ്റി പരിഗണിക്കും. |

സെക്ഷൻ ഓഫീസർ